


ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

KUMARAMANDIRAM LIBRARY
AYYANTHOLE, TRICHUR.
NO

# നിർവ്വാണമണ്ഡലം

Digitized By Kerala Sahitya Akademi

# കവിതകൾ


| | | |
|---|---|---|
| 1. | ഇന്ദിര | 1 |
| 2. | ദിവ്യരാഗം | 3 |
| 3. | ഗ്രാമീണൻ | 6 |
| 4. | പ്രാർത്ഥന | 9 |
| 5. | ബാഷ്പധാര | 11 |
| 6. | വിജയത്തിന്റെ പിൻപാട്ട് | 13 |
| 7. | മുന്നോട്ടു പോവുക | 15 |
| 8. | മാപ്പുനൽകൂ! | 17 |
| 9. | കപോതഗീതം | 19 |
| 10. | കലാപ്രേമം മൂലം | 22 |
| 11. | വ്യതിയാനം | 24 |
| 12. | അഭിലാഷം | 26 |
| 13. | നിരാശ | 28 |
| 14. | നിർവാണമണ്ഡലം | 30 |
| 15. | നിഴലുകൾക്കിടയിൽ | 33 |
| 16. | മൺപാത്രങ്ങൾ | 34 |
| 17. | അനുവാദം | 36 |
| 18. | സഹതപിക്കുന്നു ഞാൻ! | 37 |
| 19. | ഉപഹാരം. | 38 |
| 20. | തപസ്വിനി | 41 |
| 21. | അർത്ഥന | 43 |
| 22. | അന്ത്യഗാനം | 45 |


Digitized By Kerala Sahitya Akademi

# നിർവ്വാണമണ്ഡലം

40372

KUMARAMANDIRAM LIBRARY
AYYANTHOLE, TRICHUR.
NO B/723

ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.
ഇടപ്പള്ളി

Publishers
THE MANGALODAYAM LIMITED,
TRICHUR.

Digitized By Kerala Sahitya Akademi

First Impression in Vrischigom, 1124. ... (1000 Copies)

*All rights*
*Strictly Reserved and kept by*
***Mrs. SREEDEVI CHANGAMPUZHA***
*"Sree Devi Mandiram"*
**EDAPPALLY.**
*(N. Travancore)*

40372

**Price:**
12 As.

**Printed at**
**The Mangalodayam Press,**
**Trichur.**

Digitized By Kerala Sahitya Akademi

# ഇന്ദിര

നീ മറക്കില്ലയോ നിത്യചൈതന്യമേ
പ്രേമാർദ്രമാമിസ്സപര്യകളൊക്കെയും?
കല്പനാതീതമിസ്സ്വപ്നസാമ്രാജ്യവും
മൽപ്പിഞ്ചുകൈയിലൊതുങ്ങ!യില്ലെങ്കിലോ?
തെററായിരിക്കാം—ക്ഷമിക്കു കനിഞ്ഞെ,ങ്കി-
ലിററിററുവീഴുമിക്കണ്ണീർക്കണികകൾ.

ഇല്ല മേ വൈഭവം മൽത്തുകിൽത്തുമ്പിനാൽ
തെല്ലുമീ ദീപം കെടാതെ കാത്തീടുവാൻ
എന്നല്ലതെങ്ങാൻ മമോൽക്കടശ്രദ്ധയാ-
ലെന്നേയ്ക്കുമായി പൊലിഞ്ഞിടാനും മതി.
ലോകമറിയുമോ രാഗം തുളുമ്പുമെ-
ന്നേകാന്തതതൻ പരിശുദ്ധസേവനം.
എങ്കിലും തൃപ്ത ഞാൻ സായൂജ്യസാന്ദ്രമി-
സ്സങ്കല്പമെങ്കിലും ശാശ്വതമാവുകിൽ!

അല്പമെങ്ങാൻ ഞാനഹങ്കരിച്ചീടില്ല-
മപ്രിയം തോന്നരുതങ്ങേയ്ക്കൊരിക്കലും
അത്രയ്ക്കധീര ഞാ,നായതെന്നുന്മാദ-
മുദ്രയായ് മാത്രം പരിഗണിച്ചാൽ മതി!

Digitized By Kerala Sahitya Akademi

താരകച്ചാർത്തിൻപ്രകാശമായ് മിന്നിയും
താരിൻസുഗന്ധമായ് തിങ്ങിത്തുളുമ്പിയും
നീലിമയായ് വനരാശിയിലാടിയും
ചോലകൾതോറും കളകളം പാടിയും
ലോകം മുഴുവനും വ്യാപിച്ചുകാണുമാ-
റാകണം ഞാൻ കാണുമിപ്രേമസൌഭഗം.
മായിലുമെൻനിഴൽ—മിന്നുന്നമായതിൻ
മായാമനോജ്ഞമയൂഖമതല്ലികൾ.
നിത്യമതിനെ നിറം പിടിപ്പിക്കണം
നിസ്വാർത്ഥതേ നിൻ നിരന്തരാലിംഗനം!

തേനും സുഗന്ധവുമില്ലാത്ത പാഴ്പൂക്ക-
ളാണുള്ളതെൻകയ്യിലച്ചനസ്സിപ്പൊഴും
ലജ്ജിച്ചു ഞാനീയുപഹാരമാ മഹൽ
തൃച്ചേവടികളിൽ കാണിക്കവെയ്ക്കുവാൻ
പിന്നടങ്ങുമ്പോളുപിടന്നു മന്മന-
സ്സന്ദനം മാത്രമറിഞ്ഞുകൊണ്ടാൽ മതി!

ഭൂവിൽ തവ നടപ്പാതയിൽ വേണമെൻ
ജീവിതപ്പൂവിതളോരോന്നുതിരുവാൻ
ഓരോ വിചാരവും കർമ്മവുമങ്ങതൻ
പേരിലർപ്പിക്കപ്പെട്ടുന്നവയാവണം.
സേവനോൽക്കണ്ഠയാൽ ചാപലം വല്ലതും
ദേവ, ഞാൻ ചെയ്തുപോയേയ്ക്കാം!—ക്ഷമിക്കുക!

—∞∞—

Digitized By Kerala Sahitya Akademi

# ദിവ്യരാഗം

വിസ്മൃതിയിന്നോളം മാച്ചിട്ടും മായാത്ത
വിസ്മയചിത്രമേ, നിന്നെ നോക്കി
അത്തലടക്കിടാനല്പവുമായിടാ-
തെത്ര നാളെത്ര നാൾ ഞാൻ കരഞ്ഞു?
മാനസമാദകമാധുര്യപൂർണ്ണമാം
മാമകസങ്കല്പമാകമാനം
കാരോ നിമിഷവുമോരോ പുതുമ ചേ-
ർന്നോമനേ, നിന്നിലലിഞ്ഞിരുന്നു.
സംഗീതലോലമാം ചിന്തകളാലന്നെൻ
സന്തപ്തചിത്തം തുടിച്ചിരുന്നു.
കഷ്ടമക്കാലങ്ങളെല്ലാം കഴിഞ്ഞിതാ
നഷ്ടസ്മൃതികളിൽ ഞാനിരിപ്പൂ!

ജീവനും ജീവനായ് ഞാനന്നു കണ്ടതു
പാവനസ്വപ്നമൊന്നായിരുന്നു.
ആ നിഴൽ മാഞ്ഞതൊട്ടാരമ്യമായൊരെ-
ന്നാനന്ദതാരവുമസ്തമിച്ചു.
ആഞ്ഞടി മണ്ണിലെന്നാശകളൊക്കെയു-
മാഴക്കു ചാമ്പലായ് വീണടിഞ്ഞു.
മുന്നോട്ടുതന്നെ പിടിച്ചുവലിക്കയാ-
ണെന്നെയാ നിർദ്ദയഭാവി വീണ്ടും.

മാമകനിശ്ശബ്ദരോദനം കേൾക്കാനി-
ബ്ഭൂമിക്കിന്നുണ്ടൊരു കണ്ണമെങ്കിൽ,

Digitized By Kerala Sahitya Akademi

പെട്ടെന്നതിൻമനം ദുസ്സഹദുഃഖത്താൽ
പൊട്ടിത്തകൎന്നിടുമായിരുന്നു.
തോരാത്ത കണ്ണീരിൽ മുങ്ങി ഞാനിങ്ങനെ
ഘോരനിരാശയിൽ വാണുകൊള്ളാം.
നിൽക്കേണ്ട, നിൽക്കേണ്ട, മൽക്കഥ പോകട്ടെ
പൊയ്ക്കൊൾക, പൊയ്ക്കൊൾക കാലമേ നീ!

അല്ലിനായംബരം സന്ധ്യയെപ്പൂജിച്ചു
അല്ലലിനായി ഞാനാനന്ദിച്ചു.
അല്ലെങ്കിലെന്താണീയാനന്ദം?—ആയതു-
മല്ലലിൻ മറ്റൊരു രൂപഭേദം.
ഒന്നിൽനിന്നൊന്നിനെ വേർതിരിച്ചീടുവാ-
നന്നിയാലൊക്കെയുമൊന്നുതന്നെ!
ആകുന്നീലൊന്നും ശരിക്കു ധരിക്കുവാൻ
ലോകമേ നീതന്നെ സത്യമാണോ?
എന്തു വിഷമ,മിതെന്തൊരു മായയാ-
ണെന്തൊരു വിസ്മയമിപ്രപഞ്ചം?
സൎവ്വവും ശൂന്യം സമസ്തം പരിപൂൎണ്ണം
സൎവ്വംസഹേ, നിനക്കെന്തു പററി?

മാമകസൌഭാഗ്യം മാഞ്ഞെങ്കിൽ മായട്ടെ
മാനസം മേൽക്കുമേൽ നീറിടട്ടെ.
സംതൃപ്തനാണു ഞാനെന്നാലുമെൻജഡ-
മന്ത്യാവരണത്താൽ മൂടുവോളം!
പ്രേമത്തിനായ് മാത്രമല്ലാതെ ഞാനെൻെറ
പ്രേമസൎവ്വസ്വത്തെപ്പൂജിച്ചീല.

Digitized By Kerala Sahitya Akademi

ആയതിൽനിന്നുണ്ടാമാതങ്കവുമെനി-
ക്കാനന്ദംതന്നെയാണെന്നുമെന്നും!
ഇത്രയും കാലമെന്നോമലിൻ പ്രാണനാ-
മുത്തമകാമുകനായമൂലം
മായാമയമാമീലോകത്തിൽനിന്നു ഞാൻ
മായാത്ത രണ്ടു വരി പഠിച്ചു:—

"സർവ്വവും മായികം ചഞ്ചലം, ശാശ്വത-
മുർവ്വിയിൽ 'പ്രേമ'മതൊന്നു മാത്രം!!"

Digitized By Kerala Sahitya Akademi

# ഗ്രാമീണൻ

ഞാനൊരു നിസ്സാരഗ്രാമീണൻ—നിങ്ങളോ
മാനികൾ, ജ്ഞാനികൾ, നാഗരികർ.

അത്ഭുതമില്ലെനിക്കാക്ഷേപഗർഭമാ-
യുററുനോക്കുന്നതിലെന്നെ നിങ്ങൾ.

മണ്ണിനടിയിൽ കുഴൽവഴി വന്നിട്ടും
തണ്ണീർ കുടിപ്പവനല്ലല്ലോ ഞാൻ!

പച്ച വിരിച്ച് തടങ്ങളെപ്പുൽകുവാൻ
കൊച്ചോളക്കൈകളെ നീട്ടി നീട്ടി

മുട്ടിട്ടുനില്ക്കുന്ന പാററതൻ കണ്ഠത്തിൽ
വെൺമുത്തുമാലയെടുത്തു ചാർത്തി

അത്തുപുളച്ചൊഴുകീടും നദീജലം
മാത്രം ലഭിച്ചു കഴിയുവോൻ ഞാൻ!

വട്ടം കറങ്ങുന്ന പങ്കകളില്ല മേ
കൃത്രിമക്കാററിനാലെന്നെ വീശാൻ

എന്നെത്തഴുകുന്നതോരോ മരക്കൊമ്പിൽ
ചെന്നുഴിഞ്ഞാലാടും തെന്നൽ മാത്രം.

ഓലക്കമോലും മണിമയമേടയ,-
ല്ലോലപ്പുരയാണെൻ വാസഗേഹം.

പട്ടുകുപ്പായവും, വാച്ചും, പകിട്ടുകൾ
മററും വിവിധവിഭൂഷകളും

Digitized By Kerala Sahitya Akademi

ഇല്ല പരുത്ത വെറും കച്ചമുണ്ടല്ലാ-
തില്ലെനിക്കെൻമെയ്യലങ്കരിക്കാൻ!

എന്നിട്ടുമാരോഗ്യലക്ഷ്മി വന്നെന്നുകൊ-
ണ്ടെന്നെപ്പിരിഞ്ഞിടാതുല്ലസിപ്പൂ!

ഉന്നതപ്രാഭവർ നിങ്ങളെക്കൈവെടി-
ഞ്ഞെന്നെയവളെന്തിന്നോമനിപ്പൂ!

ഒട്ടിക്കുഴിഞ്ഞ കവിളും മിഴിയുമായ്
പട്ടണക്കാർ നിങ്ങൾ നിന്നിടുമ്പോൾ,

ഞാനപഹാസ്യൻ, ഹാ, സമ്പുഷ്ടഗാത്രനാ-
യാനതശീർഷനായാഗമിപ്പൂ!

കഷ്ടം, കലപ്പയും മൺവെട്ടിയും പിടി-
ച്ചൊട്ടു തഴമ്പിച്ചൊരെന്റെ കൈകൾ

പട്ടുറുമാലു പിടിക്കുവാൻ യോഗ്യമോ
പട്ടണക്കാർതാൻ പരിഷ്കൃതന്മാർ.

വിദ്യാലയങ്ങളിൽ നാണയത്തുട്ടുകൾ
വിദ്യാർജ്ജനത്തിനായേറെയേകി

ക്ഷീണിതരായിത്തിരിച്ചുവന്നന്യന്റെ
ശോണിതാത്ഥം നിങ്ങൾ മല്ലടിക്കേ,

വിദ്യാവിഹീനന്മാർ ഞങ്ങൾ സൌഹാർദ്ദത്തെ
കെട്ടിപ്പിടിച്ചുകൊണ്ടിങ്ങിരിപ്പൂ.

ജീവകാരുണ്യവും നീതിയും ഞങ്ങൾതൻ
ജീവിതം പ്രാകൃതമാക്കിടുമ്പോൾ

Digitized By Kerala Sahitya Akademi

ഹാ സമരാ.സക്തിയും ചതിയുംകൊണ്ടു
ഭാസിപ്പൂ നിങ്ങൾതൻ ജീവിതങ്ങൾ!

ഞങ്ങൾക്കറിഞ്ഞുകൂടന്യനെ വഞ്ചിക്കാൻ
.ഞങ്ങൾക്കറിഞ്ഞുകൂട ഹിംസ ചെയ്യാൻ.

ഞങ്ങൾ നിസ്സാരന്മാർ, പ്രാകൃതർ, നിങ്ങളോ
നിങ്ങൾ പരിഷ്കൃതർ മാനനീയർ!!

Digitized By Kerala Sahitya Akademi

# പ്രാർത്ഥന

ജീവിതപ്പൂവിൻ സുഗന്ധമരന്ദങ്ങൾ
താവിത്തരും നിത്യസത്യപ്രകാശമേ!

നശ്വരതത്തിൻ കനകവിപഞ്ചിയിൽ
ശശ്വൽപ്രണയസംഗീതം തുളുമ്പുവാൻ

സഞ്ചരിപ്പിച്ചു നീ സച്ചിദാനന്ദമേ
സന്തതം നിൻതളിർക്കൈവിരൽത്തുമ്പുകൾ!

പുൽക്കൊടിതൊട്ടു കനകതാരംവരെ-
യുൾക്കൊണ്ടിടുന്നു നിൻ ജ്യോതിഷ്പ്രചോദനം!

നിത്യഭ്രമണം നടത്തുന്ന ഗോളങ്ങൾ
നിസ്തുലമായിടും നിൻമഹിമച്ഛായയിൽ!

വീഴുന്നു നിൻകൃപാസാരം പ്രപഞ്ചമാം
വേഴാമ്പലിൻെറ വിഭജിതചഞ്ചുവിൽ!

ജന്മങ്ങളാകും തുഷാരകണങ്ങൾ നിൻ
ചുംബനംമൂലം മണികളായ് മാറവേ

കർമ്മനിബദ്ധമാം പാഴ്ത്തൃണംകൂടിയും
നിൻമുന്നിൽ നില്ക്കുന്നിതുന്നമ്രശീർഷമായ്!

നീയനാദ്യന്തമെന്നോതുന്നു മൌനമാ-
നീലാംബരമതിൽ നിസ്സീമസത്തയാൽ!

അത്യഗാധം നിൻകൃപയെന്നു ഘോഷിപ്പി-
തുദ്വേലിതങ്ങളാമാഴിപ്പരപ്പുകൾ!

Digitized By Kerala Sahitya Akademi

സന്തതം നിൻജയസ്തോത്രങ്ങൾ സാദരം
മന്ത്രിച്ചിടുന്നു മരതകക്കാടുകൾ!

ആദിമദ്ധ്യാന്തമേ, സച്ചിദാനന്ദമേ,
ശീതളമായ നിൻ സാന്ത്വനച്ഛായയിൽ

വിശ്രമിച്ചെന്നും തഴച്ചുവളരട്ടെ
വിശ്വം—നമോവാകമോതുന്നു ഞങ്ങളും!!

Digitized By Kerala Sahitya Akademi

# ബാഷ്പധാര

കൺമണി നിന്നെയെൻകൈയിലെടുത്തൊരാ-
നമ്മവെച്ചമ്മവെച്ചുല്ലസിക്കെ,
ആയിരം ജന്മങ്ങൾകൊണ്ടെനിക്കുണ്ടാക-
മാനന്ദനിർവൃതിയന്നു നേടി.
അമ്മതന്നാത്മാവും കോൾമയിർക്കൊള്ളുമാ-
റന്നു നീ തൂകിയ മന്ദഹാസം,
എന്നെന്നും സൂക്ഷിക്കുന്നുണ്ടഖിലേശ്വരൻ
പൊന്നുഷസ്സന്ധ്യതൻ പൂങ്കവിളിൽ.
ആലോഭനീയമാമാരമ്യാവസ്ഥ,യൊ-
രാനന്ദംതന്നെയാണെന്നെന്നേക്കും!

കർക്കിടാവിനൊരമ്മയായ്ത്തീർന്നു ഞാൻ
മുറ്റത്തു മുക്കുറ്റി പൂത്ത നാളിൽ.
മാകന്ദശാഖികളൊക്കെയും കൈവിട്ടു
കോകിലപാളികൾ പോയ കാലം
എന്നങ്കതല്പമിതെന്നേക്കും കൈവെടി-
ഞ്ഞെങ്ങോ നീയോമനേ, പോയൊളിച്ചു!
കേണു ഞാൻ വാഴ്കയാണിന്നെൻെറ കൺമുന്നിൽ
കാണുന്നതെല്ലാം ചലനചിത്രം.
നശ്വരമാകുമീ ലോകത്തിലെങ്ങനെ
ശശ്വത് പ്രണയം പ്രതിഷ്ഠ നേടും?

Digitized By Kerala Sahitya Akademi

മാരിവിൽ മാറിങ്കൽനിന്നു മാഞ്ഞീടിന
ശാരദാകാശം വിഷാദമൂകം!
വാരലർ വാടിക്കൊഴിഞ്ഞ വയോധിക-
വാസന്തിവല്ലികൾ വിഫലകൾ!

നഷ്ടാത്മജമാരാം ഞങ്ങളെക്കാണുമ്പോൾ
'കഷ്ട'മെന്നാരും പറഞ്ഞുപോകും.
ശൂന്യമായ്ത്തീർന്നോരെന്നുത്സംഗം കാണുമ്പോൾ
മാനസമാർക്കും ദ്രവിച്ചുപോകും.
അത്യുജ്ജ്വലമാം രത്നമാണന്നതി-
ലുത്തമകാന്തി പൂണ്ടുല്ലസിച്ചു!

മായാബ്ധിയിൽ പൊങ്ങും കൊച്ചുനീർപ്പോളകൾ
മായാത്ത ചിത്തങ്ങളായ് ഭ്രമിച്ചേൻ
വിദ്യുല്ലതികയെ മാറോടു ചേർക്കുവാ-
നുദ്യമിച്ചീടുമെന്നുൾപ്പുളപ്പേ!
ഹന്ത നീയിന്നോളം വായുവിൽ നിർമ്മിച്ച
മൺതരിക്കോട്ട തകർന്നടിഞ്ഞു!
ഹീരദീപാങ്കുരം നഷ്ടമായ് ഞാനൊരു
ഘോരാന്ധകാരപ്പരപ്പിലായി
എണ്ണിയാൽ തീരാത്തോരെന്നഴൽ നിന്നോടു
വിണ്ണിൽ ഞാൻ വന്നെങ്കിലന്നു ചൊല്ലാം!!

Digitized By Kerala Sahitya Akademi

# വിജയത്തിൻെറ പിൻപേ

മറയല്ലേ, മായികേ, നീ ഗമിക്കും
മലർവാടിയിങ്കലേയ്ക്കാണു ഞാനും!
അനുമപശിഞ്ജിതം വീശിവീശി-
യകലേ നീ മാറിയൊഴിഞ്ഞതെന്തേ?
മുനകൂർത്ത മുള്ളു തറഞ്ഞു പാദം
മുഴുവനും വിണ്ടു നിണത്തിൽമുങ്ങി
പരുഷാശ്മഖണ്ഡങ്ങൾ പാതയിങ്കൽ
പരവശമാക്കുന്നു മൽപ്രയാണം.
പൊരിവെയ്‌ലിൽ ചുട്ടു പഴുത്ത മണ്ണിൽ
പൊരിയവേ, മുന്നോട്ടു ഞാൻ കുതിപ്പൂ.
തവ രമ്യമായൂരപിഞ്ഛിക നീ
തളിരൊത്തിർക്കൈകളാൽ വീശിവീശി
കഴൽനിലത്തെങ്ങുമേ തൊട്ടിടാതെ
കനകാംഗി-വായുവിൽ നീ ഗമിപ്പൂ!
ഇടയപ്പെണ്ണാരാലൊടിച്ചു നീട്ടു-
മിലയണിത്തൈമരക്കൊമ്പിൻ പിമ്പേ
അജകിശോരംപോ,ലനുനിമേഷ-
മനുഗമിക്കുന്നു ഞാൻ ശാന്ത നിന്നെ!
ചുടുവെയിലിൽപോലുമൊരൽപനേര-
മിടതരുന്നില്ല നീ വിശ്രമിക്കാൻ!
ഇതുമട്ടാണെങ്കിലും നിൻെറ പിമ്പേ
ഗതി തുടരാനാണെനിക്കു മോഹം.

Digitized By Kerala Sahitya Akademi

തവ വിശ്രമാരാമഭൂവിലെങ്ങും
തളിരിട്ടു നിൽക്കുന്നൊരുന്മദങ്ങൾ
അനുപമശാന്തിതൻ പൂന്തണലി-
ന്നവലംബമാണെന്നെനിയ്ക്കറിയാം.

ഭുവനമാം പൂവിൽനിന്നുത്ഭവിക്കും
ശിവമയസൌരഭധോരണിയിൽ
സതതമെൻ കർത്തവ്യബോധഭൃംഗം
ഹൃദയകോശത്തിൽ ചിറകടിപ്പൂ!

അവിടെ നിൻമാദകമോഹനമാ-
മലരണിത്തോപ്പിൽ വന്നിട്ടുവേണം.—
അനുപമോൽക്കർഷങ്ങൾ പാട്ടുപാട-
മവിടെ നിൻ തോപ്പിൽ വന്നിട്ടുവേണം

പ്രതിബന്ധബദ്ധമായ് വീർപ്പിടുമെൻ
ഹൃദയകവാടം തുറന്നിടുവാൻ!

മറയല്ലേ, മായികേ, നീ ഗമിക്കും
മലർവാടിയിങ്കലേയ്ക്കാണു ഞാനും!

Digitized By Kerala Sahitya Akademi

# മുന്നോട്ടു പോവുക

ഭാവസമതാസനാതനസൌരഭം
തൂവിടും സ്വാതന്ത്ര്യമേഖലയിൽ
പാടിപ്പറക്കുകെൻചിത്തമേ മേൽക്കുമേൽ
പാടിപ്പറക്ക നീ വീതശങ്കം.
വൻകൊടും കാററടി ചുററിലും കേട്ടല്ലും
ശങ്കിയ്ക്കും മൽക്കലാകൌതുകമേ!
ശുഷ്ക്കിച്ച മാമൂലിൻ ജീർണ്ണിച്ച ചങ്ങല-
ക്കെട്ടുകളോരോന്നും തട്ടിനീക്കി
മുന്നോട്ടു മുന്നോട്ടു പോക നീ, പോക നീ
മന്നിൽ ചുടുകണ്ണീരൊപ്പിയൊപ്പി.
അല്പജ്ഞന്മാരുടെ ക്ഷുദ്രപ്രശംസതൻ
സമ്പർക്കമാവല്ലല്ലോ നിൻെറ ലക്ഷ്യം.
പല്ലിറുമ്മട്ടെ നിൻ ചുററുമസൂയകൾ
ചില്ലി ചുളിച്ചിടട്ടപ്രിയങ്ങൾ
വാരിവിതറട്ടെ മുള്ളുകൾ നിന്മുന്നി-
ലോരോരോ മായികവൈഭവങ്ങൾ.
എന്തിനവ കണ്ടു ശങ്കിച്ചുനിൽക്കുന്നു
സന്തതം മുന്നോട്ടു പോവുക നീ!
ഇല്ലേ നിൻകൈവശമാത്മാർത്ഥതയുടെ
പുല്ലാങ്കുഴലതുമൂതിയൂതി
സുന്ദരപ്രേമം വിതുമ്പിത്തുളുമ്പുന്ന
മന്ദസ്മിതങ്ങളും വീശിവീശി

Digitized By Kerala Sahitya Akademi

മർദ്ദിതസോദരഹൃത്തുകൾ പെയ്യുമാ-
ത്തപ്തബാഷ്പങ്ങളുമൊപ്പിയൊപ്പി
നിന്നെക്കുറിച്ചാരെന്തോതിയാലോതട്ടെ
മുന്നോട്ടു മുന്നോട്ടു പോവുക നീ!
നിന്നെപ്പറിപ്പിച്ചു വിണ്ണിൽവെച്ചീശ്വരൻ
മന്നിൽവന്നിങ്ങനെ പാട്ടുപാടാൻ
താളം പിടിച്ചില്ലതിന്നിജ്ജഗത്തെങ്കിൽ
ച്ചൂളുന്നതെന്തിനു ലജ്ജയാൽ നീ?

Digitized By Kerala Sahitya Akademi

# മാപ്പു നൽകു!

അനുതാപചിന്തകൾനെയ്യുതന്നോ-
രനുഭൂതിപ്പൂമ്പട്ടണിഞ്ഞ ചിത്തം,
മൃദുലം, മദീയം ഭവൽപ്രണയ-
സ്മരണയിൽ ചെയ്യും വിനോദനൃത്തം,
അനുചിതമാണെന്നിതുവരേക്കു-
ള്ളനുഭവമെന്നെ മനസ്സിലാക്കി.
അതിനാൽ ഞാനാവുന്നവേഗമിപ്പോ-
ളതിനൊരു പൂർണ്ണവിരാമമേകാം.
കമനീയസ്വപ്നത്തിൽനിന്നുണൎന്നീ-
ത്തിമിരത്തിൽത്തന്നെ ഞാൻ വീണുകൊള്ളാം.
സഹജമായങ്ങിൽ സമുല്ലസിക്കും
സഹതാപംപോലുമെനിക്കുവേണ്ട.
പ്രണയത്തിൻ കയ്പും മധുരിമയും
കരുപോലനുഭവിച്ചീടിനേൻ ഞാൻ.
അതിനാലെനിക്കിനിയാവലാതി-
ക്കവകാശമില്ല—ഞാൻ പിന്മടങ്ങാം.

നിയതവും കണ്ണീരിൽ മുങ്ങി മുങ്ങി
നിമിഷങ്ങളോരോന്നായെണ്ണിയെണ്ണി,
കഴിയാൻ കഴിയണമെന്നു മാത്രം
കരളിലെനിക്കുണ്ടൊരാശമാത്രം.
പ്രണയപരാജയം നിന്ദ്യമല്ല
പ്രണയവിജയം വിദഗ്ദ്ധതയും



Digitized By Kerala Sahitya Akademi

നിയതിനിയോഗമനുസരിച്ചേ
നിഴലിക്കു നമ്മിലതിൻ വെളിച്ചം!
സതതം ഞാൻ സ്നേഹിക്കാനല്ലയെങ്കിൽ
ഹൃദയമെനിക്കെന്തിനേകി ദൈവം?
കപടമെല്ലാമറിഞ്ഞിടാതെൻ
കടമ ഞാനൊക്കെയും ചെയ്തു തീർത്തു.
ഇനി ഞാനേതല്ലലും വിസ്മരിക്കാം
ഇനിയെനിക്കിഷ്ടംപോൽ വിശ്രമിക്കാം.
ചിരിയിങ്കൽ മാത്രമല്ലശ്രുവിലും
ഒരുപോലെസ്സൌന്ദര്യം കാണുമല്ലോ ഞാൻ.
പരിപൂർണ്ണമാകില്ലതൊന്നിൽമാത്രം
പരിചയം നേടുന്ന ജീവിതാങ്കം!

* * *

ഉപദേശപുഷ്പങ്ങൾ കോർത്തെടുത്തോ-
രുപഹാരമേകുവാൻ വന്നതല്ല ഞാൻ.
അതിനെനിക്കാശയുമില്ല;—ഞാനെ-
ന്നഭിമതമോതിനാളെന്നു മാത്രം.
ഹൃദയേശ! ഞാനിദം ചെയ്തതുമി-
ന്നപരാധമാണെങ്കിൽ മാപ്പു നല്കൂ!

# കപോതഗീതം

കൊച്ചുപുൽപ്പരപ്പിനാൽ,
വസുധാംബികേ, നീ, നാൽ-
പ്പുച്ചക്കച്ചുകളെന്തേ
പുതച്ചുകിടക്കുന്നു?

നീരദാവലി നീളെ
നിന്മെയ്യിൽ വർഷിക്കുന്ന
നീരബിന്ദുക്കളിത്ര
ശൈത്യദായകമെന്നോ?

എങ്കിലെന്തതിലെഴും
പുഞ്ചിരിയൊന്നല്ലല്ലീ
തങ്കവല്ലരി തോറും
പുഞ്ചിരി പൊഴിപ്പിപ്പൂ?

മാമരം ഫലപുഷ്പ-
ശോഭമായ്ത്തീർന്നീടാനും,
മാമല മരതക-
നീരാളം ധരിപ്പാനും,

വാഹിനിചിത്തം ഹർഷ-
കല്ലോലമടിപ്പാനും
സ്നേഹശീകരങ്ങളാം
മേഘങ്ങളില്ലാതാമോ?

വാരിദ, വരഗുണപൂരിത ലസിപ്പൂ നീ
നീരദ, നിരഘസൽജീവിത ജയിപ്പൂ നീ!

Digitized By Kerala Sahitya Akademi

പരശോണിതത്തിനാൽ
    പങ്കിലമായീടുന്നാ
നരജീവിതമിന്നീ
    മന്നിൻെറ മുഖത്തിങ്കൽ

കരിതേച്ചുവോ കഷ്ട-
    മായതു കഴുകുവാൻ
ചൊരികല്ലല്ലീ ധാര-
    ധാരയായ് ജലം ഭവാൻ?

കൃത്യം താവകം സ്തുത്യ-
    മെന്നിരിയ്ക്കിലും വ്യർത്ഥം
സത്യസൌന്ദര്യം കാണ്മാൻ
    കാലമിന്നിയും പോണം.

അക്കറുപ്പല്പാല്പമായ്
    മാററാൻ നീ ശ്രമിയ്ക്കുന്നു
മേൽക്കുമേൽ വീണ്ടും വീണ്ടും
    മർത്ത്യന്മാർ പുരട്ടുന്നു.

ഇന്നലെ മരിച്ചോരു
    നിശയും കൂടിപ്പാടി
'മന്നിൻെറ മറിമായ'-
    മെന്നൊരു ശൂന്യം ഗാനം!

സമരം പരസ്പരം
    സഹജീവികൾ ചെയ്താൽ.

Digitized By Kerala Sahitya Akademi

ക്ഷമ,യെത്ര നാൾ കഷ്ട,-
മീവിധം ക്ഷമിച്ചീടും?

സോദരഹൃദന്തങ്ങൾ
കുത്തിവാർത്തീടും, കുറെ

ച്ചോരച്ചാലുകളല്ലോ-
തിങ്ങു കാണ്മാനില്ലൊന്നും?

അതിൽനിന്നോരോ തുള്ളി
കൊച്ചുപൂങ്കുലകളിൽ
പതിയാനിടയായി-
ട്ടവയും ചുവന്നുപോയ്.

എത്രയും ശാന്തം വാഴ-
മെൻമാംസമൊന്നേ വേണ്ടൂ
ഗൃധ്രോദരത്തിലുണ്ടാം
തീജ്ജ്വാല കെടുത്തുവാൻ!

മുകിലേ, മുഷിഞ്ഞു ഞാൻ
ലോകജീവിതത്തിങ്കൽ
സുഖശാദ്വലമെങ്ങോ,
ഹാ, മരീചികമാത്രം!

ഇനിയുണ്ടെങ്കിൽ ജന്മം
മുകിലായ് പിറക്കുവാൻ
മനതാരിങ്കൽ ഞാനി-
ന്നത്യന്തമാശിക്കുന്നു!!......

Digitized By Kerala Sahitya Akademi

# കലാപ്രേമംമൂലം

ഓമനത്താമരപ്പൂമണം ചേർ-
ന്നോളംതുളുമ്പിയ പൊയ്കയിങ്കൽ

നീരാടി,യാടി, നീയേകയായി
നീലക്കാർകൂന്തലും മാടിമാടി,

വിദ്യുല്ലതാംഗകശ്രീവിലാസ-
വിശദവിജയപതാക വീശി

പ്രാണൻ ലഭിച്ചോരുടലെടുത്ത
വീണാരവത്തിനു തുല്യയായി

പാതയിൽക്കൂടി നീ പോയപോക്കിൽ
പാറകൾ പോലുമൊന്നെത്തിനോക്കി!

ചാരുതച്ചെമ്പകം പൂത്തുപൂത്തു
വാരുററ സൌരഭം വീശി നിൽക്കെ;

ഹാ, മത്തഭാവനാഭൃംഗകമൊ-
രാമോദവേദി മറെറത്തു തേടും?

നമ്മിലുൾക്കൊള്ളും കലാപ്രണയം
നമ്മെപ്പുതുക്കെയൊന്നുമ്മവെച്ചു;

നാമറിയാതൊന്നുരുമ്മിനോക്കി
നാണമില്ലാത്തൊരാക്കൺമുനകൾ

അസംഗ്രഹത്തിൻ പൂമഴയൊ-
രസ്പഷ്ടബോധത്തിലായിരുന്നു.

Digitized By Kerala Sahitya Akademi

എങ്കിലുമെത്ര മധുരമിന്നാ
തങ്കക്കിനാവിൻ സ്മരണപോലും!
കോമളമാകുമാച്ചിന്തയേതോ
കോരിത്തരിപ്പിൻെറ കൂട്ടുകാരി.
ഒന്നുചേൎന്നല്ലാതണഞ്ഞിടാറി-
ല്ലന്നാരികത്തവർ രണ്ടുപേരും!

ഉൽഫുല്ലയൌവനേ നിന്മനസ്സാം
കൽപകപ്പൂമൊട്ടൊരു ദിവസം
നീ തടഞ്ഞാലും വിടൎന്നുപോകും
സ്ഫീതാനുരാഗവസന്തരാവിൽ!
അന്നതിൽനിന്നും വഴിഞ്ഞൊഴുകും
സുന്ദരസൌരഭധോരണികൾ
ചുംബിച്ചുണൎത്തിപ്പുണൎന്നുകൊള്ളു-
മൻപൊടെൻ മന്ദിതപ്രജ്ഞകളെ!
ഇക്കലാസ്വാദനതൽപരത്വ-
മുൾക്കൊള്ളുമത്ഭുതശക്തിയെന്നും,
നമ്മിലുംമീതെന്നിന്നെത്തിനോക്കി
നമ്മെപ്പുളുക്കെപ്പരിഹസിക്കും.
അല്ലെങ്കിലെന്തി,നിതിങ്കലൊന്നു-
മല്ലപരാധികളല്ല നമ്മൾ.
തെററു മുഴവനും നമ്മിലുള്ളോ-
രിക്കലാലോലുപത്വത്തിൽമാത്രം!

Digitized By Kerala Sahitya Akademi

# വ്യതിയാനം

1

എന്നെത്തിരക്കി നീയാനന്ദദേവതേ
വന്നിട്ടുമെന്തേ പറയാതെ പോയി നീ?
കത്തില്ലെനിയ്ക്കെൻെറ ജോലിത്തിരക്കിനാൽ
കഷ്ടം, ഭവതിയെ സ്സല്ക്കരിച്ചീടുവാൻ.
ചെററും മനുഷ്യത്വമില്ലാത്തവനെന്നു
തെററിദ്ധരിക്കാനിടയുണ്ടിവനെ നീ
എന്തു ചെയ്യട്ടെ, മനോരമേ, ജീവിത-
ചിന്തകളെന്നെ വിടുന്നില്ലൊരിക്കലും!
ഉദ്ധതനല്ല ഞാൻ, മാമകമാനസ-
ശ്ശുദ്ധിയോർത്തെങ്കിലും മാപ്പു നീ നൽകണേ!

2

അന്നു നീ വന്ന മധുമാസരാത്രിയിൽ
മന്ദഹസിച്ചിതെൻ മുററത്തു മുല്ലകൾ.
വെള്ളിനിലാവിൽ കുളിപ്പിച്ചു നീയെൻെറ
വല്ലികൾ മൊട്ടിട്ട പൂങ്കാവനികകൾ!
വിസ്മയം തോന്നുമാറന്നെൻെറ മുന്നിലീ
വിശ്വം മുഴുക്കെക്കവിത കൊളുത്തി നീ!
സ്നേഹിക്കുവാനായ് പഠിപ്പിച്ചു നീ നിൻെറ
മോഹനദർശനംകൊണ്ടു മജ്ജീവനെ!
എന്നെക്കൃതഘ്നനെന്നോർക്കായ്ക നിർമ്മലേ
നിന്നോടെന്നെന്നും കൃതജ്ഞനാകുന്നു ഞാൻ!

Digitized By Kerala Sahitya Akademi

3

കാഴ്ചവെച്ചേനെ മടിച്ചിടാതന്നു നിൻ
കാൽത്തളിരിങ്കലെൻ പിഞ്ചുമനസ്സു ഞാൻ
എന്നാലെനിക്കതൊന്നൊത്തില്ല, വാഞ്ഛതൻ
പിന്നാലെയങ്ങിങ്ങലഞ്ഞു ഞാൻ പോകയാൽ
കണ്ണീർക്കടലിൻ നടുക്കെന്റെ ജീവിത-
പ്പൊന്നിൻകളിത്തോണി മുങ്ങുമീ വേളയിൽ
കാളാംബുദാളികൾ മൂടിക്കൊടുംതണു-
പ്പാളുമീബ്ഭീകരവർഷാന്തരാത്രിയിൽ,
നിന്നെയിരുളിൽ തിരഞ്ഞു വിളിച്ചു ഞാ-
നെങ്ങു നീ,യെങ്ങു നീ,യത്ഭുതാനന്ദമേ?

4

അയ്യോ, തിമിരം, വിജനം, ഭയാനകം
വയ്യെനി,യ്യെന്നെ മറന്നോ വെളിച്ചമേ?
മുന്നോട്ടു മുന്നോട്ടു പോകട്ടെ വീണ്ടുമി-
ക്കണ്ണീർക്കടലിലീ ഞാനുമെൻ തോണിയും!
അല്ലെങ്കിലക്കൊടും പാറമേൽച്ചെന്നതു
തല്ലിത്തകർന്നിനിത്താണിടാനും മതി.
വിസ്മൃതിയിങ്കൽ മറഞ്ഞതില്ലിത്രനാൾ
വിശ്വസമുദ്രത്തിലെത്രനീർപ്പോളകൾ?
ഇന്നവയിങ്കലൊന്നായിട്ടുണിച്ചേക്കു-
കെന്നെയുംകൂടി—ക്ഷമിക്ക നീ ലോകമേ!

—:o:—



Digitized By Kerala Sahitya Akademi

# അഭിലാഷം

മന്ദസ്മിതത്തിൻ ശകലങ്ങളാലൊരു
സുന്ദരമാല്യം രചിച്ചിതെങ്കിൽ!
ചന്ദ്രികകൊണ്ടൊരു കേളീതടാകത്തിൽ
മന്ദസമീരണവീചികളിൽ,

കാരോ സഖികളാം മിന്നൽക്കൊടികളായ്
നീരാടി നീന്തിക്കളിച്ചുവെങ്കിൽ!
ചുംബനംകൊണ്ടൊരു പൂംപട്ടുനെയ്തെടു-
ത്തൻപിലെൻമെയ്യിലണിഞ്ഞിതെങ്കിൽ!

നർമ്മസല്ലാപസുരഭിലമാമൊരു
നന്മലർമെത്തയിലാത്തരാഗം,
സങ്കല്പനായികതന്മടിത്തട്ടിലി-
ന്നെൻതല ചാച്ചൊന്നുറങ്ങിയെങ്കിൽ!—

ആനന്ദസ്വപ്നങ്ങൾകൊണ്ടൊരു നൂതന-
സൂനനികുഞ്ജം ചമച്ചതിങ്കൽ
കാമലോടൊത്തിരുന്നോരോരോ നിർമ്മല-
പ്രേമകഥകൾ പറഞ്ഞുവെങ്കിൽ!

താരകപ്പൂക്കളിറുത്തെടുത്തോമലിൻ
വാരണിക്കാറൊതിർകുന്തളത്തിൽ
ചൂടിച്ചു ചൂടിച്ചോരോടക്കുഴലുമായ്
വാടികൾതോറുമലഞ്ഞിതെങ്കിൽ!

* * *

Digitized By Kerala Sahitya Akademi

മാമകജീവിതമഞ്ജൂഷികക്കക-
ത്തീവിധം പുഷ്പങ്ങളെത്ര കാണും!
സദ്രസം ഞാനതു കാഴ്ചവെയ്ക്കുമ്പോഴെൻ
മൃത്യുവും മന്ദഹസിക്കയില്ലേ?

---

Digitized By Kerala Sahitya Akademi

# നിരാശ

പൂമണിമച്ചിലേകയായെന്തിനോ
കൂരിരുളിലിരുന്നു കേഴുന്നു ഞാൻ.

എൻമനോരഥസങ്കല്പമൊക്കെയും
കണ്ണുനീരിലലിഞ്ഞൊഴുകീടിലും

ഞാനിനിയും രചിയ്ക്കും വിഭോ, ഭവൽ-
കോമളചിത്രമെന്നിൽ പലപ്പൊഴും.

കേവലമൊരു പുഞ്ചിരികാരണം
ജീവിതത്തെക്കൊതിച്ചുതുടങ്ങി ഞാൻ.

രാഗലോലയാമെൻ മിഴികൾക്കടൻ
ലോകപുഷ്പം മരന്ദസമ്പൂർണ്ണമായ്!

ദേവ, നിന്നനുഭാവസരസ്സിലെൻ
ഭാവിജീവിതസാരസകോരകം;

നിസ്തുലാഭമായ് മിന്നുന്നതും നോക്കി
വിസ്മരിച്ചുപോയെന്നെയുംകൂടി ഞാൻ.

ഇന്നനുശയമേകിടുമിത്തിരി
കണ്ണുനീരല്ലാതില്ലെനിയ്ക്കൊന്നുമേ!

ശോകമേ, ഹാ, തകന്ന ഹൃദയത്തെ
ലോകതത്വം പഠിപ്പിച്ചിടുന്നു നീ!

Digitized By Kerala Sahitya Akademi

ഈ നിരാശതൻനീണ്ട നിഴലിലെൻ
ഭാഗധേയം തകർന്നടിഞ്ഞെങ്കിലും,
ഇത്തിമിരപ്പടപ്പിലൊരിക്കലും
സുപ്രഭാതമുദിക്കുകില്ലെങ്കിലും,
ഞാനിനിയും രചിക്കും വിഭോ, ഭവൽ-
കോമളചിത്രമെന്നുള്ളിൽ നിത്യവും!

---

Digitized By Kerala Sahitya Akademi

# നിർവ്വാണമണ്ഡലം

ഹൃദയങ്ങൾ തമ്മിൽപ്പുണർന്നിടുമ്പോ-
ളിളകുന്നൊരാനന്ദമർമ്മരവും,

പ്രണയപരവശയായി വാഴും
കുലകന്യാരത്നത്തിൻ കണ്ണുനീരും,

സുമിതസുരഭിലകുഞ്ജകത്തിൽ
'മധുവിധു' കാലരജനികളിൽ,

പുളകിതലജ്ജാവനമ്രയായി
മരുവും നവോഢതന്നങ്കഭുവിൽ,

തല ചാച്ചുറങ്ങുന്ന കാമുകൻതൻ
നിരവദ്യനിർമ്മലനിർവൃതിയും,

മലരിലോരോന്നിലും മാറി മാറി-
യലയും പൂമ്പാററയെക്കാണും നേരം.

അതിനെപ്പിടിക്കാൻ കൊതിച്ചുനില്ക്കു-
മരുമപ്പൂംപൈതലിൻ പിഞ്ചുചുണ്ടിൽ
വഴിയുന്ന ലാലാജലാർദ്രമാകും
തിരളൊളിപ്പുഞ്ചിരിപ്പൂനിലാവും,

ചുടുവെയിലേററിടാതാററുവക്കിൽ
വടവൃക്ഷച്ഛായയിലുച്ചനേരം,

വിരമിച്ചമരുന്നോരാട്ടിടയൻ
ചൊരിയുന്ന പുല്ലാങ്കുഴൽവിളിയും,

Digitized By Kerala Sahitya Akademi

ഒരുമിച്ചു ചേൎന്നതിനൂതനമാ-
മൊരു ലോകമെത്തി ഞാൻ വിശ്രമിപ്പൂ!

ഇവിടെയെന്താനന്ദം!— എന്നെയാരു-
മിവിടെനിന്നയ്യോ വിളിക്കരുതേ!

ഇവിടത്തെക്കേളീതടാകംതോറും
സുരസുന്ദരിമാർ നിറഞ്ഞിരിപ്പൂ.

സഖികളവരെന്നരികിലെത്തി
സരസമായ് സന്തതം സല്ലപിപ്പൂ.

അവരെല്ലാമെന്നെ നടുക്കിരുത്തി
പ്രണയഗാനങ്ങൾ പൊഴിച്ചിടുന്നു.

അതു കേട്ടു കേട്ടു ഞാനെന്നെയും വി-
ട്ടെവിടെയോ ചെന്നു ലയിച്ചിടുന്നു.

പുളകംകൊണ്ടെന്നെപ്പൊതിയുവാനായ്
'നളിനി'ക്കും 'ലീല'യ്ക്കുമെന്തു മോഹം!

പതിവായി'ച്ചെമ്പകക്കുട്ടി'യുമായ്
പനിമലർത്തോപ്പിങ്കൽ ചെന്നിരിക്കേ,

അറിയാറില്ലല്ലോ ഞാനെന്നിലാളും
പരിഖേദത്തിൻെറ കണികപോലും!

സുദതി 'സുഭദ്ര'യും ഞാനുമായി-
സ്സുലളിതഹേമന്തചന്ദ്രികയിൽ

Digitized By Kerala Sahitya Akademi

ശിഥിലതരംഗങ്ങളുമ്മവെച്ചും
പുളിനങ്ങൾതോറുമുലാത്തിടുമ്പോൾ

സകലതും തീരെ മറന്നു ഞാനൊ-
രകളങ്കാനന്ദമനുഭവിപ്പൂ.

കനകപ്രഭാമയം!—എത്രയെത്ര
കമനീയമെൻെറയീ സ്വൎഗ്ഗരംഗം!

ഇവിടെയെന്താനന്ദം!—എന്നെയാരു-
മിവിടെനിന്നയ്യോ വിളിക്കരുതേ!

Digitized By Kerala Sahitya Akademi

# നിഴലുകൾക്കിടയിൽ

അനുഭവങ്ങളേ നിങ്ങളിനിമേ-
ലനുവദിക്കില്ല സ്വപ്നം വരയ്ക്കാൻ!

മധുരചിന്തകൾ ചാലിച്ച ചായം
വിധിയശേഷവും തട്ടിക്കളഞ്ഞു.

സതതമെന്മനം നോവിച്ച മാത്രം
സഹകരിപ്പതുണ്ടിപ്പൊഴും കാലം!

വെറുതെയാണിപ്പരിഭവം—മേലിൽ
ശരി;—യൊരിക്കലും ദുഃഖിച്ചിടാ ഞാൻ!

ഹതനെനിക്കതു സാദ്ധ്യമോ?—വീണ്ടു-
മിതളുതിർന്നിതാ വീഴുന്നു പൂക്കൾ!

ഇവിടെയെല്ലാമിരുട്ടാണു, കഷ്ട-
മെവിടെ നിത്യതേ, നിൻ രത്നദീപം?

—നിയതിയെൻകാതിൽ മന്ത്രിപ്പു പോലും
നിഖിലമയ്യോ, നിഴലുകൾമാത്രം!



Digitized By Kerala Sahitya Akademi

# മൺപാത്രങ്ങൾ

(ഹരീന്ദ്രനാഥ ചതോപാദ്ധ്യായ)

1

പ്രതിരോധവിമുഖരായ് വില്ക്കപ്പെടുമെന്നൊരോമൽ
പ്രതിമാത്രപ്രതീക്ഷയിൽ നിമഗ്നരായി
മൺപാത്രങ്ങൾ നമ്മൾ വഴിവക്കിൽ നിരന്നിക്കുലാല-
മന്ദിരത്തിൻവെളിയിലായൊതുങ്ങിനില്പൂ.
ചെമ്പൊൽക്കനൽക്കതിരണിഞ്ഞുടുമേഘനിബിഡിത-
സമ്പന്നശ്രീ കളിയാടും നഭസ്സിൻകീഴിൽ.

2

ഭാഷയൊന്നുമില്ലാ നമുക്കെങ്കിലും, നമുക്കൊരുഗ്ര-
ദ്വേഷപൂർണ്ണമാം വെറുപ്പു തോന്നുന്നു മേന്മേൽ;
അത്രമാത്രമററകററമില്ലെങ്കിലെ,ന്തി നമ്മൾ ത-
ന്നാസ്തിക്യനിയമത്തിന്നു വിരുദ്ധമായി
ആത്തകൌതുകം നമുക്കിന്നോരോ രൂപം തന്നു നമ്മെ
വാർത്തെടുത്തോരക്കുലാലചക്രത്തോടേററം!

3

സുന്ദരങ്ങൾതന്നെയാണിപ്പാത്രമെല്ലാം പക്ഷേയിന്ന-
സ്സൌന്ദര്യത്തിൽനിന്നുപോലും വിമുക്തരായി
ആകാരത്തിൽ ക്ഷുദ്രമായ മർദ്ദനശക്തിതൻ രൂക്ഷ-
മാകും മുഷ്ടിയിങ്കൽനിന്നും വഴുതി വീണ്ടും
മണ്ണിൽ വീണടിഞ്ഞലഞ്ഞു രക്ഷനേടാൻ കഴിഞ്ഞെങ്കിൽ
നിർണ്ണയമതെത്രമാത്രം കൊതിപ്പൂ നമ്മൾ!

Digitized By Kerala Sahitya Akademi

4

മൺപാത്രങ്ങൾ നമ്മൾ ചില,രാസ്ഥികൃത്തിൽ മുഷി വെമ്പി വെമ്പി നിലത്തടിഞ്ഞുടഞ്ഞിടുന്നു. (പ്ലാൻ ദയനീയപദാൎത്ഥങ്ങൾ പാത്രകാരൻ മൺപാത്രത്തിൻ വിളറിയ മുഷിവുണ്ടോ പരിഗണിപ്പൂ?

Digitized By Kerala Sahitya Akademi

# അനുവാദം

ഇനി ഞാനൊഴിഞ്ഞൊരു പാട്ടു പാടാ-
നനുമതിയേകുകെനിക്കു നാഥാ!
അതിലൂടെൻ സർവ്വരഹസ്യവും ഞാ-
നവിടത്തെ തൃക്കാല്ക്കൽ കാഴ്ചവെയ്ക്കാം!

പകലിൻ സമാപനകാന്തിയിങ്കൽ
മുകിൽനിര മുങ്ങിക്കുളിച്ചിടുമ്പോൾ;
സുലളിതഗ്രീഷ്മാന്തവാതപോതം
സുഖകരമർമ്മരം വീശിടുമ്പോൾ;
ഉലകിൻെറ ജോലിത്തിരക്കു നിന്നൊ-
രലഘുപ്രശാന്തതയെത്തിടുമ്പോൾ;—
മുരളിയുമായ് നിന്മണിയറയി-
ലൊരു കോണിൽ, മന്ദ,മൊഴിഞ്ഞൊതുങ്ങി
അനുരാഗഗാനങ്ങൾ തൂകുവാനി-
ന്നനുമതിയേകുകെനിക്കു നാഥാ!

പതറിപ്പോമെൻഗാനമാകമാനം
പരമനിരർത്ഥകമായിരിക്കാം
അതിലെങ്ങും തിങ്ങിത്തുളുമ്പിടുന്ന-
തഴലിൻെറ കണ്ണുനീരായിരിക്കാം;—
പരിചിലെന്നാലുമതിൻെറ ലക്ഷ്യം
പരമാർത്ഥസ്നേഹമൊന്നായിരിക്കും.

അലിവാർന്നിനിയൊരു പാട്ടുപാടാ-
നനുമതിയേകുകെനിക്കു നാഥാ!

Digitized By Kerala Sahitya Akademi

# സഹതപിക്കുന്നു ഞാൻ!

അത്യന്തമോഹനമാണെന്നിരിക്കിലു-
മെത്ര നാൾ നില്ക്കുമിസ്സ്വപ്നോത്സവം, സഖി?
കഷ്ടമെന്നെങ്കിലും യാത്രോക്തിയും ചൊല്ലി
വിട്ടുപോകേണ്ടവരല്ലി നാമോമലേ?
അന്യോന്യമിത്രയ്ക്കടുത്ത നാംതന്നെയാ-
ണന്യരായ് നാളേയ്ക്കകന്നുനില്ക്കേണ്ടവർ.
ഓർക്കാതിരിക്കാൻ ശ്രമിച്ചിടുംതോറുമ-
ത്തീക്കനലെന്നുള്ളിലാളുന്നു മേല്ക്കുമേൽ!

വേനലിൽ ചൂടിൽ വരണ്ടിരണ്ടോടുന്നു
കാനനച്ചാർത്തിൻ മരതകശോഭകൾ.
വർഷമോർമ്മിപ്പീല വാസന്തകോകിലം
ഹർഷപുളകം വിതച്ച കളകളം!
ഞെട്ടററു പാഴിലുതിരുന്നു മണ്ണിലാ
മൊട്ടിട്ട വല്ലിതൻ ജീവിതസിദ്ധികൾ.
സർവ്വവും സ്വപ്നം—ജഗത്തേ തഃഘാൽക്കട-
ഗർവ്വത്തിലേററം സഹതപിക്കുന്നു ഞാൻ!!

Digitized By Kerala Sahitya Akademi

# ഉപഹാരം

ഞാനൊരു വെറും വിസ്മൃതിയെന്നോ-
ത്തോടിട്ടതെന്തിനോമലേ?
എൻനിഴൽ നോക്കി നിശ്വസിച്ചായാ-
ണിന്നു വാടേണ്ടും പൂവുകൾ
മന്ദഹാസം പൊഴിച്ചു മിന്നിയ
മഞ്ഞുതുള്ളികളെങ്ങു പോയ്?
അന്നു വാസന്തലക്ഷ്മിയേകിയ
പൊന്നണിഞ്ഞ പുലരിയിൽ,
ഈ മരത്തിലിരുന്നു പാടിയോ-
രോമനക്കുയിലെങ്ങു പോയ്?
ഇല്ല കാര്യമതോർക്കുവാൻ മന്നി-
ലില്ലവസരം തെല്ലുമേ!
ആ രമണീയ ചിത്രങ്ങൾപോലും
ഘോരവിസ്മൃതി മൂടവേ,
സാരമില്ലാത്ത പുൽക്കൊടി ഞാനെൻ
കാര്യമെന്തിനിയോർത്തുവാൻ!

* * *

മന്ദഹാസവിലാസമല്ലൊരു
കണ്ണുനീർക്കണമാണു ഞാൻ
ഗാനമല്ലേ നിനക്കു വേണ്ടതു
ദീനരോദനമാണു ഞാൻ!

Digitized By Kerala Sahitya Akademi

പാവനാതിഥേ, ശൂന്യമാകുമി-
യ്യജീവിതപാത്രമേന്തി ഞാൻ
രാഗഭിക്ഷയിരന്നുകൊണ്ടിതാ
ലോകമൊട്ടുക്കലകയാം
എന്തി,നങ്ങു വരുമ്പൊളങ്ങതൻ
മുന്നിലപ്പണം ചെയ്യുവാൻ!
എങ്കിലുമിന്നും ശൂന്യമാണതു, ഞാ-
നെങ്ങനെയിതു നൽകിടും?
മൽപ്രഭോ ഭവാനെന്നിലെന്താല്ല
മപ്രിയമരുതൽപവും!
ത്യാഗസുന്ദരമാമിതിൽ തവ
രാഗപൂരം ചൊരിയുകിൽ
ആയതു പരിപൂർണ്ണമായ്, കവി-
ഞ്ഞീയുലകം നിറഞ്ഞിടും.
സത്യമെൻ നിഴൽ മായുകിലെന്തെൻ
നിത്യതയ്ക്കതു പോരുമേ!

* * *

അന്തമില്ലാതെ നീണ്ടുനീണ്ടുപോ-
മന്ധകാരത്തിനപ്പുറം,
എന്തിനയ്യോ മറഞ്ഞിരുന്നേവം
സന്തപിപ്പിപ്പതെന്നെ നീ?
നിത്യമോരോ മുറിവുകൾ തട്ടി-
യെത്ര തേങ്ങിക്കരഞ്ഞു ഞാൻ!

Digitized By Kerala Sahitya Akademi

ണ്ടലാന്നു ഞാൻ പോകെ, യെൻകാലിൽ
കൊണ്ടതില്ലെത്ര മുള്ളുകൾ!
ദേവ, മൽപ്രയാണത്തിലെത്രയെൻ
ജീവരക്തമൊലിച്ചിലും,
ഭാവിഘോരനിരാശയാലെൻെറ
നേർവഴികൾ വിലക്കിലും,
പിന്തിരിയാതെ പോന്നു ഞാൻ, തവ
ബന്ധുരാശ്ലേഷമേൽക്കുവാൻ.
താവകാഗമപാവനോത്സവം
ജീവനിർവാണദായകം
ഞാനറിഞ്ഞതില്ലിന്നോളമതെൻ
മാനനീയമഹാനിധേ!
ശൂന്യമെങ്കിലും ജീവിതപാത്രം
ഞാനിതപ്പണം ചെയ്യുവൻ!

Digitized By Kerala Sahitya Akademi

## തപസ്വിനി 4037

നിന്നെ ഞാനെത്ര വിളിച്ചുകേണെങ്കിലും
വന്നില്ലടുത്തു നീ സൌന്ദര്യകേന്ദ്രമേ!

ആകാംക്ഷമൂലമനാരതം നിന്നെ,യീ
ലോകം മുഴുവൻ വിരഞ്ഞു നടന്നു ഞാൻ!

"കണ്ടില്ല ഞങ്ങൾ" ചിരിച്ചോതി പിഞ്ചിതൾ
ച്ചുണ്ടു വിടർത്തിച്ചെറുമലർച്ചെണ്ടുകൾ!

"ഞങ്ങളുമാരാഞ്ഞു പോകയാണോതിനാർ
മിന്നിപ്പുളഞ്ഞൊഴുകുന്ന പൂഞ്ചോലകൾ!

"എന്തൊരാശ്ചര്യം കഴിയുമോ കാണുവാൻ"
ചിന്തിച്ചനങ്ങാതെ നിന്നുപോയ് കുന്നുകൾ!

"എന്നാലസാദ്ധ്യം" മടങ്ങീ നിരാശനാ-
യെങ്ങുമലഞ്ഞു തളർന്ന സമീരണൻ.

ബ്രഹ്മാണ്ഡമൊന്നോടസാദ്ധ്യമെന്നോതുവ-
തിമ്മൺതരിയ്ക്കു പിന്നാവുന്നതെങ്ങനെ?

എങ്കിലും ജീവിതച്ഛായത്തിനാൽ നിൻെറ
സങ്കല്പചിത്രമെഴുതിക്കഴിഞ്ഞു ഞാൻ!

കഷ്ടമെൻതോരാത്ത കണ്ണീരിനാലതി-
ന്നൊട്ടുമുക്കാലും നനഞ്ഞുപോയെങ്കിലും

സഞ്ചിതോന്മാദം പുണരുന്നു ഗാഢമെൻ
ചഞ്ചലപ്രജ്ഞയതിനെയെല്ലായ്പൊഴും!

Digitized By Kerala Sahitya Akademi

വ്യാമൂഢ ഞാനെന്നമിതശുശ്രൂഷയാ-
ലാമഞ്ജിമയിൽ പരുക്കചേർത്തെങ്കിലോ!

ഭക്ത ഞാൻ നിന്നെ സമീപിക്കിൽ, മജ്ജീവ-
രക്തം വമിപ്പതിലില്ല മേ സങ്കടം.

വേദനാവീചികൾ നീന്തിക്കടക്കണം
വേണുനാദത്തിന്റെ പൂങ്കാവിലെത്തുവാൻ

അന്ധകാരത്തിൽ മരവിച്ചൊതുങ്ങണം
ബന്ധുരോഷസ്സിൽ മൃദുസ്മിതം ക്കാണുവാൻ.

പ്രാണസർവ്വസ്വമേ, സന്തപ്തയെങ്കിലും
ഞാനസംതൃപ്തയല്ലിത്തപശ്ചര്യയിൽ!

# അർത്ഥന

കരയാനുംകൂടികഴിഞ്ഞിടാതി-
ക്കനലിൽക്കിടന്നു പൊരിഞ്ഞിടുമ്പോൾ
കനിവിൻ സുധാകണം വീഴ്ത്തി വീഴ്ത്തി-
ക്കവിതേ, നീ കാൽക്ഷണം മുമ്പിലെത്തി.

ഇരുളിൻ തിരശ്ശീല നീക്കി നീക്കി
ചെറുതാരകങ്ങളൊളിഞ്ഞു നോക്കി.
അറിയാത്ത ഭാവം നടിച്ചു ഞാനെ-
ന്നവിവേകം മൂലമെൻകണ്ണു പൊത്തി.

ഉദിതരാഗാർദ്രമാമെൻ ഹൃദന്ത-
മുപചാരസന്നദ്ധമായിരിക്കേ,
ഉചിതമല്ലാത്തൊരസ്സാഹസത്തി-
നുപരിപ്ലവതാം തിരക്കുകൂട്ടി-......

അണുവും രസിക്കാത്തരക്ഷണംകൊ-
ണ്ടനഘേ, നീയെന്നെപ്പിരിഞ്ഞുപോയി.
മിഴികളിൽനിന്നും കരമെടുത്തി-
ട്ടഴകേ, കുതിച്ചു ഞാൻ നിന്റെ പിമ്പേ.

തരമായീലെത്ര ഞാൻ വെമ്പിയിട്ടും
കിരണമേ നിൻഗതി പിന്തുടരാൻ
അനുശയചിന്തതൻ കൂർത്ത മുള്ളിൻ
മുനയിലെൻ മാനസം വിണ്ടു കീറി.

Digitized By Kerala Sahitya Akademi

ഒരുനാളുമൊട്ടുമുണങ്ങുവാനും
തരമാകാതിക്ഷതം വേദനിക്കേ,

പരിഭവമെല്ലാം മറന്നു പക്ഷേ
വരുമായിരിക്കാം നീ മുന്നിൽ വീണ്ടും.

അതുവരേക്കുള്ളിത്തപ്പുഗൽഗദങ്ങൾ –
ക്കലിവാൻ ലോകമേ മാപ്പു നൽകൂ!

—oo:o:oo—

Digitized By Kerala Sahitya Akademi

# അന്ത്യഗാനം

അവസാനഗാനവും പാടിത്തീർത്തി-
ട്ടവിടേയ്ക്കിതാ ഞാൻ വരുന്നു, ദേവ!

കമനീയരൂപൻ ഭവാനിരിക്കും
കനകസിംഹാസനസന്നിധിയിൽ

അണിയണിയായോരോരോ ഗായകന്മാർ
മണിവീണ മീട്ടിയിരുന്നിടുമ്പോൾ

ഇരുവശം ചേടിമാർ നിന്നു മന്ദ-
മരിയ വെൺചാമരം വീശിടുമ്പോൾ

പുറകിലായ് നിന്നു മണ്ഡലവട്ടം
പുരടാഭയെങ്ങും വിതറിടുമ്പോൾ,

സവിധത്തിലഞ്ജലീബദ്ധരായി-
സ്സചിവന്മാർ വന്ദിച്ചു നിന്നിടുമ്പോൾ,

പരിമളധൂമിക നാലുപാടും
പരിചിലുയർന്നു പറന്നിടുമ്പോൾ,

തവ മണിമേടതൻ ഗോപുരത്തിൽ-
ത്തനിയേയിബ്ഭിക്ഷുണി വന്നു നിന്നാൽ,

അവിടെ നിന്നുന്നിലണഞ്ഞുകൊൾവാ-
നനുമതിയന്നെനിക്കാരു നല്കും?

തവ ദർശനോത്സുകമെന്റെ ചിത്തം
തകരുന്ന വാസ്തവമാരറിയും?

Digitized By Kerala Sahitya Akademi

അവിടെ നിൻഗോപുരദ്വാരപാല-
രരുതരുതെന്നു വിലക്കിയാലും,
അവസാനഗാനവും പാടിത്തീൎന്നാ-
ലവിടേയ്ക്കു ഞാനുടൻ പോരും നാഥാ!

* * *

ഒരുപോലഗ്ഗായകരാകമാനം
പരമാത്ഭുതാവേശസ്തബ്ധരാകെ,
കനകസിംഹാസനത്തിങ്കൽനിന്നും,
കലിതാനുമോദമെണ്ണീറ്റു വേഗം,
അവിടേയ്ക്കു മന്ദമണയുമെന്നെ-
യവിതൎക്കമങ്ങെതിരേറ്റശേഷം,
അരികിലസ്സിംഹാസനത്തിലെന്നെ-
പ്പരിചിലിരുത്തിക്കുശലമോതും!
ഉടനെസ്സദസ്സു പിരിച്ചയച്ചി-
ട്ടുദിതകൌതൂഹലം മന്ദമന്ദം,
നിരവധി ചുംബനപ്പൂക്കളാലെൻ
നിറുകയിലങ്ങൊരു മാല ചാൎത്തും.
അതിദിവ്യമാകുമസ്സന്മുഹൂൎത്തം
അണയുവാനാശിച്ചു ഞാൻ ഭജിപ്പൂ!
അവസാനഗാനവുമിങ്ങു വൎഷി-
ച്ചവിടെ വന്നെത്താം ഞാൻ ജീവനാഥാ!!

—oo:o:oo—

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ.

| | | | | |
|---|---|---|---|---|
| 1. | രമണൻ | 1 | 8 | 0 |
| 2. | ദേവഗീത | 2 | 0 | 0 |
| 3. | സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| 4. | അപരാധികൾ | 1 | 8 | 0 |
| 5. | ദിവ്യഗീതം | 1 | 8 | 0 |
| 6. | ഓണപ്പൂക്കൾ | 1 | 0 | 0 |
| 7. | ബാഷ്പാഞ്ജലി | 1 | 8 | 0 |
| 8. | രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| 9. | സങ്കല്പകാന്തി | 1 | 4 | 0 |
| 10. | ആകാശഗംഗ | 1 | 0 | 0 |
| 11. | കളിത്തോഴി | 2 | 8 | 0 |
| 12. | വത്സല | 0 | 8 | 0 |
| 13. | ആരാധകൻ | 0 | 8 | 0 |
| 14. | മോഹിനി | 0 | 8 | 0 |
| 15. | ദേവത | 0 | 8 | 0 |
| 16. | തിലോത്തമ | 0 | 8 | 0 |
| 17. | കലാകേളി | 0 | 12 | 0 |
| 18. | ശ്രീതിലകം | 1 | 0 | 0 |
| 19. | ചൂഡാമണി | 1 | 0 | 0 |
| 20. | കരടി | 0 | 8 | 0 |
| 21. | വിവാഹാലോചന | 0 | 8 | 0 |
| 22. | അനശ്വരഗാനം | 0 | 8 | 0 |
| 23. | യവനിക | 1 | 8 | 0 |
| 24. | ഹേമന്തചന്ദ്രിക | 1 | 8 | 0 |
| 25. | സാഹിത്യചിന്തകൾ | 1 | 0 | 0 |
| 26. | പ്രതികാരങ്ങൾ | 2 | 8 | 0 |
| 27. | പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| 28. | മനസാന്തരം | 1 | 8 | 0 |
| 29. | ദേവയാനി | 0 | 8 | 0 |
| 30. | നിർവൃതി | 0 | 8 | 0 |
| 31. | മൗനഗാനം | 1 | 0 | 0 |
| 32. | നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| 33. | കല്ലോലമാല | 1 | 4 | 0 |
| 34. | പാടുന്ന പിശാച് (അച്ചടിയിൽ) | | | |
| 35. | ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളും കൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |

**മംഗളോദയം ലിമിറ്റഡ്, തൃശ്ശിവപേരൂർ.**

Digitized By Kerala Sahitya Akademi

# ചില പുതിയ പുസ്തകങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. | വായനശാലയിൽ | (മുണ്ടശ്ശേരി) | 1 | 8 | 0 |
| 2. | ഹിമവാഹിനി | (പൊറെറക്കാട്ട്) | 1 | 0 | 0 |
| 3. | യാത്രാസ്മരണകൾ | ( ,, ) | 2 | 4 | 0 |
| 4. | പ്രതിഫലം | (തകഴി) | 1 | 8 | 0 |
| 5. | രണ്ടിടങ്ങഴി | ( ,, ) | 2 | 8 | 0 |
| 6. | വിചാരവിപ്ലവം | (കുററിപ്പുഴ) | 2 | 0 | 0 |
| 7. | വിമർശരശ്മി | ( ,, ) | 1 | 0 | 0 |
| 8. | അമൃതകുമാരി | (ഒരു ഡിടക്റ്റീവ് നോവൽ) | 1 | 8 | 0 |
| 9. | ശബ്ദങ്ങൾ | (ബഷീർ) | 1 | 8 | 0 |
| 10. | മുന്നോട്ട് | (പി. കേശവദേവ്) | 1 | 4 | 0 |
| 11. | ഇന്ത്യയുടെ സാമ്പ-ത്തികപ്രശ്നം | (കെ. ദാമോദരൻ) | 1 | 0 | 0 |
| 12. | സൗന്ദര്യനിരീക്ഷണം | (എം. പി. പോൾ) | 0 | 12 | 0 |
| 13. | തൂലികാചിത്രങ്ങൾ | (പൊൻകുന്നം വർക്കി) | 2 | 0 | 0 |
| 14. | ദാഹം | ( ,, ) | 1 | 8 | 0 |
| 15. | സിക്കന്ദർ | (ഇ. എം. കോവൂർ) | 1 | 4 | 0 |
| 16. | നീണ്ട കവിതകൾ | (എൻ. വി. കൃഷ്ണവാരിയർ) | 1 | 4 | 0 |
| 17. | ചാത്തിയും പൂക്കളും | (പി. സി) | 1 | 8 | 0 |
| 18. | ദേവദാസി | (വെട്ടൂർ രാമൻനായർ) | 1 | 8 | 0 |
| 19. | തൂപ്പുകാരൻ | (കാരൂർ) | 1 | 4 | 0 |
| 20. | ഇരുട്ടിൽ | ( ,, ) | 1 | 0 | 0 |
| 21. | മിന്നൽവെളിച്ചം | (വി. വി. കെ.) | 1 | 8 | 0 |

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi